Mathrubhumi 02.01.18

വടക്കാഞ്ചേരി പുഴ സംരക്ഷണം

# കാർഷിക സർവകലാശാല പുനർജനി പദ്ധതി തുടങ്ങി

**നഗരസഭയുടെ ചാത്തൻചിറ പച്ചക്കറി സോൺ പദ്ധതിക്കും കാർഷിക സർവകലാശാലയുടെ കൈത്താങ്ങ്**

**ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പുഴയുടെ സിറ്റിസൺ പഠന റിപ്പോർട്ട്**



വടക്കാഞ്ചേരി പുഴ

#

**58**

**58 വിദ്യാർഥികൾ 19 സംഘങ്ങളായി തിരിഞ്ഞ് പുഴയെ പഠിക്കും**

**വടക്കാഞ്ചേരി** ▸ കാർഷിക സർവകലാശാലയുടെ ഗ്രാമീണ കാർഷിക പ്രവൃത്തിപരിചയ പരിപാടിയുടെ ഭാഗമായി വടക്കാഞ്ചേരി പുഴയുടെ സംരക്ഷണത്തിന് സർവേ തുടങ്ങി. സർവകലാശാലയിലെ അവസാനവർഷ വിദ്യാർഥികളായ 58 പേർ 19 സംഘങ്ങളായി തിരിച്ചാണ് സർവേ. പുഴയിലേക്കൊഴുകി വരുന്ന നീർച്ചാലുകൾ കണ്ടെത്തും. ഇരുകരകളും സർവേ നടത്തുന്ന സംഘം നാലുദിവസത്തിനകം 12 കിലോമീറ്റർ സഞ്ചരിച്ച് പുഴയെ ജി.ഐ.എസിൽ രേഖപ്പെടുത്തും.

സസ്യങ്ങൾ, ജീവികൾ, നിർമിതികൾ, ചാലുകളുടെ അവസ്ഥ, മലിനജലം ഒഴുകിയെത്തുന്ന ഇടങ്ങൾ, മാലിന്യം തള്ളൽ എന്നിവയെല്ലാം ചിത്രങ്ങളോടെ കണ്ടെത്തും.

സർവേയിൽ ഒരോദിവസവും കണ്ടുമുട്ടുന്ന മുതിർന്നവരിൽനിന്ന് പുഴയുടെ ചരിത്രം ശേഖരിക്കും. പരിസ്ഥിതി, കാലാവസ്ഥ, കൃഷി, സമൂഹം, കാഴ്ചപ്പാട് എന്നിവയിൽ വന്ന മാറ്റവും രേഖപ്പെടുത്തി ഓരോ ഗ്രൂപ്പും റിപ്പോർട്ട് തയ്യാറാക്കും. ആറാമത്തെ ദിവസം ഇവർ കണ്ടെത്തിയ കാര്യങ്ങൾ, അനുഭവങ്ങൾ 19 സ്ഥലങ്ങളിൽ ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചാണ് പുഴയെക്കുറിച്ചുള്ള സമ്പൂർണപഠനം തയ്യാറാക്കുക.

ഇതിനുപുറമേ വടക്കാഞ്ചേരി നഗരസഭ പ്രഖ്യാപിച്ച ചാത്തൻചിറ പച്ചക്കറി സോൺ പ്രാവർത്തികമാക്കുന്നതിന് കൃഷിശാസ്ത്രജ്ഞരും കാർഷികവിദഗ്ധരും പങ്കെടുക്കുന്ന സെമിനാറുകളും പരിശീലനങ്ങളും പ്രദർശനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

ആദ്യമായാണ് ആധുനിക സാങ്കേതികവിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തി സിറ്റിസൺ റിപ്പോർട്ട് തയ്യാറാക്കുന്നത്. സർവകലാശാല ഹോർട്ടി കൾച്ചർ കോളേജ് ഡീൻ ജോർജ് തോമസ്, കാർഷിക വിജ്ഞാനവ്യാപന വിഭാഗം പ്രൊഫസർ ജയശ്രീ കൃഷ്ണൻകുട്ടി എന്നിവരാണ് പദ്ധതിക്ക് നേതൃത്വം നൽകുക.